പ്രകാശവചനം ● **അബൂദർറ് എടയൂർ**

# വാദപ്രതിവാദം വികൃതമാക്കുന്നത് പ്രവാചക പാഠങ്ങളെയാണ്

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا، عَنِ النَّبِيِّ ﷺ قَالَ: "إِنَّ أَبْغَضَ الرِّجَالِ إِلَى اللَّهِ الأَلَدُّ الخَصِمُ"

**ആഇശ(റ)യിൽ നിന്ന്. നബി(സ) പറഞ്ഞു: “സത്യത്തെ വളച്ചൊടിക്കുന്ന കുതർക്കികളാണ് അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ളവർ” (ബുഖാരി, മുസ്‌ലിം).**

ഒരു വിഷയത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് ഭിന്നവീക്ഷണക്കാർ ഒരുമിച്ച് കൂടി മാന്യതയും പരസ്പര ബഹുമാനവും കാത്തുസൂക്ഷിച്ചുകൊണ്ട്, ആരോഗ്യകരമായ രീതിയിൽ ചർച്ചയും സംവാദവും നടത്തുന്നത് പ്രോത്സാഹജനകമാണ്. ശരിയേതെന്ന് കണ്ടെത്താനും തെറ്റിദ്ധാരണകൾ അകറ്റാനും അത് സഹായിക്കും. എന്നാൽ പ്രതിയോഗികളെ ഒച്ചവെച്ച് അടക്കിയിരുത്തുകയും അവർക്കുമേൽ കടുത്ത ആക്ഷേപശകാരങ്ങൾ ചൊരിയുകയും ചെയ്യുന്ന ചില സംവാദങ്ങൾ മതവേദികളിലും നാം കാണാറുണ്ട്. സ്വന്തം ആശയം സ്ഥാപിക്കാൻ ഏത് വ്യത്തികെട്ട ദുർവ്യാഖ്യാനത്തിനും അവർ തയാറാവും. അങ്ങനെ വാക് സാമർഥ്യം കൊണ്ട് സ്വന്തം അണികളെ ആവേശത്തിന്റെ നെറുകയിലെത്തിക്കുമ്പോൾ അഴിഞ്ഞുവീഴുന്നത് ഇസ്ലാമിക സംസ്കാരമാണെന്ന് അക്കൂട്ടർ വിസ്മരിക്കുന്നു.

വിവാദങ്ങളിൽ ആനന്ദം കണ്ടെത്തുന്നവർ ഇസ്ലാമിന് ഏൽപിക്കുന്ന ആഘാതം ഒട്ടും ചെറുതല്ല. തന്റെ ഭാഗമാണ് ശരി എന്ന് സ്ഥാപിച്ചെടുക്കാനുള്ള വാചകക്കസർത്തിനിടയിൽ സത്യവും യാഥാർഥ്യവും പലപ്പോഴും മൂടിവെക്കപ്പെടുകയാണ് പതിവ്. മറുകക്ഷിയെ എങ്ങനെയെങ്കിലും അടിയറവ് പറയിക്കുക എന്ന ഒരൊറ്റ ചിന്ത മാത്രമാണ് അത്തരം വേദികളിൽ തിമിർത്താടാറുള്ളത്. വിദ്വേഷവും പകയും വളരുകയാണ് അതിന്റെ ഫലം. അതിനാൽ ഇത്തരം വാദപ്രതിവാദങ്ങളെ ഇസ്ലാം വെറുക്കുന്നു.

നബി(സ) പറഞ്ഞു: ദൈവിക മാർഗദർശനം ലഭിച്ചു കഴിഞ്ഞ ഒരു സമൂഹവും വാദപ്രതിവാദക്കാർ മുഖേനയല്ലാതെ വഴിതെറ്റിപ്പോയിട്ടില്ല (തുർമുദി, ഇബ്നുമാജ). അർഥശൂന്യമായ വാദഗതികളുന്നയിച്ച് വിവാദങ്ങളുണ്ടാക്കുന്ന സ്വഭാവം ഉപേക്ഷിക്കുന്നവന് വേണ്ടി സ്വർഗത്തിന്റെ താഴേതട്ടിൽ ഒരു ഭവനം നിർമിക്കപ്പെടുമെന്നും, ന്യായം തന്റെ ഭാഗത്തായിട്ടും തർക്കം ഒഴിവാക്കുന്നവന് സ്വർഗത്തിന്റെ മധ്യത്തിൽ ഒരു വീട് നിർമിക്കപ്പെടുമെന്നും (അബൂദാവൂദ്) പ്രവാചകൻ പഠിപ്പിച്ചതിൽ നിന്ന് മുസ്‌ലിം സമൂഹം വാദപ്രതിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞ് നിൽക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കാം.

ഒരു സംഘം സ്വഹാബികൾ നിവേദനം ചെയ്യുന്നു: ഒരിക്കൽ മതപരമായ ചില വിഷയങ്ങളെ കുറിച്ച് ഞങ്ങൾ പരസ്പരം തർക്കിച്ചുകൊണ്ടിരിക്കെ പ്രവാചകൻ(സ) കടന്നുവന്നു. അദ്ദേഹം വല്ലാതെ കോപാകുലനായിരുന്നു. മുമ്പൊരിക്കലും അദ്ദേഹം അത്ര കോപിച്ചിട്ടില്ല. അവിടുന്ന് പറഞ്ഞു: മുഹമ്മദിന്റെ സമൂഹമേ, മതിയാക്കുക. ഇതിനാലായിരുന്നു മുമ്പ് പല സമൂഹങ്ങളും നാശമടഞ്ഞത്. ഇത്തരം വാദപ്രതിവാദങ്ങൾ നിങ്ങൾ ഒഴിവാക്കണം. ഒരു വിശ്വാസിക്ക് ചേർന്നതല്ല അത്. സമ്പൂർണമായ നാശമല്ലാതെ യാതൊന്നും ഇതുകൊണ്ട് നേടാനാവില്ല. തർക്കിക്കുന്നവനായാൽ പാപമായി അതുതന്നെ മതി. തർക്കിക്കുന്നവന് വേണ്ടി അന്ത്യനാളിൽ ശുപാർശ ചെയ്യാൻ ഞാനുണ്ടാവില്ല. സദ്വിചാരത്തോടെ ഉള്ളറിഞ്ഞ് വിവാദം വേണ്ടെന്ന് വെച്ചവർക്ക് സ്വർഗത്തിന്റെ താഴെയും നടുവിലും മുകളിലും പ്രത്യേക ഭവനം ലഭ്യമാക്കാൻ ഞാൻ വാദിക്കുന്നതാണ്. വിഗ്രഹാരാധനക്കും മദ്യപാനത്തിനും ശേഷം എന്റെ നാഥൻ ആദ്യമായി നിരോധിച്ചത് വാദപ്രതിവാദമാണ് (ത്വബ്റാനി). ■